₹ 5/-

# റിയൽ ലൈഫ് വോയ്സ്

REAL LIFE VOICE


Monthly

Volume 13
Issue 1

**July 2024**

pages 24


"ഞാൻ യഹോവയോട് ഉറക്കെ നിലവിളിക്കുന്നു; ഞാൻ ഉച്ചത്തിൽ യഹോവയോട് യാചിക്കുന്നു. അവന്റെ സന്നിധിയിൽ ഞാൻ എന്റെ സങ്കടം പകരുന്നു; എന്റെ കഷ്ടത ഞാൻ അവനെ ബോധിപ്പിക്കുന്നു."

**(സങ്കീർത്തനങ്ങൾ 142:1,2)**


REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L L I F E V O I C E

Volume 13 Issue 1 July 2024 pages 24 Rs.5/



**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in


*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*


**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


**Book No. 151**

## ഉള്ളടക്കം

പേജ്


- മൂത്ത മക്കൾ 3
- പ്രതികരണങ്ങൾ 6
- ആസ്യയിലെ ഏഴ് സഭകൾ (5) 8
- കെ. വി. ഐസക്ക് (അഭിമുഖം) (4) 11
- യോനാ (2) 14
- ഓർമ്മകൾ (40) 17
- തട്ടും തലോടലും (5) 21
- ഒരു ജോലിയും ചെറുതല്ല 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# മൂത്ത മക്കൾ!

ചില വർഷങ്ങൾക്കുമുമ്പ് ഞാൻ എന്റെ ഒരു ബന്ധുവീട്ടിൽ ചെന്നപ്പോൾ അവിടത്തെ കുടുംബനാഥൻ അദ്ദേഹത്തിന്റെ മകനോട് ഫോണിൽ സംസാരിക്കുകയായിരുന്നു. ഹോസ്റ്റലിൽ നിന്ന് നഴ്സിങ് പഠിക്കുന്ന മകനോട് ആ പിതാവ് ഇപ്രകാരം പറയുന്നത് കേട്ടു: "അയച്ചുതന്ന കാശുകൊണ്ട് ഈ മാസം അഡ്ജസ്റ്റ് ചെയ്യണം. ഈ മാസം ഡാഡിക്ക് കൂടുതൽ ഒന്നും അയച്ചുതരാൻ നിവൃത്തിയില്ല. ഉള്ളതുകൊണ്ട് എങ്ങനെയെങ്കിലും അഡ്ജസ്റ്റ് ചെയ്തോളില്ലേ?"

ഫോണിന്റെ മറുവശത്തുള്ള മകൻ പൊട്ടിത്തെറിച്ചില്ല; ഒരു തരത്തിലുള്ള അസംതൃപ്തിയും രേഖപ്പെടുത്തിയില്ല. ഡാഡിയെ വിമർശിച്ചില്ല. ദേഷ്യത്തോടെ ഫോൺ കട്ട് ചെയ്തില്ല. കാരണം, അവൻ ആ വീട്ടിലെ മൂത്തമകനായിരുന്നു. വീട്ടിലെ സാഹചര്യങ്ങൾ നന്നായി അറിയാവുന്ന മൂത്തമകൻ. ഡാഡിയുടെ അദ്ധ്വാനത്തിന്റെയും കഷ്ടപ്പാടിന്റെയും ആകെത്തുക എത്രയെന്ന് സ്വന്തജീവിതത്തിൽ അനുഭവിച്ചറിഞ്ഞിട്ടുള്ള മൂത്തമകൻ! മാതാപിതാക്കൾ എങ്ങനെയുള്ള സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് വ്യക്തമായി അറിയുകയും, ഒതുങ്ങിജീവിക്കേണ്ടതുണ്ടെന്ന് തിരിച്ചറിയുകയും ചെയ്ത മൂത്തമകൻ!

**മൂത്തമക്കൾ എന്ന അനുഗ്രഹം**

മാതാപിതാക്കളുടെ ദാമ്പത്യവല്ലരിയിൽ വിരിയുന്ന ആദ്യപൂക്കൾ - അതാണ് മൂത്തമക്കൾ. മൂത്ത കുഞ്ഞിന്റെ വരവ് എല്ലാവരും ആഘോഷമാക്കാറുണ്ട്. മറ്റു മക്കളുണ്ടാകുമ്പോൾ അനുഭവിക്കുന്നതിനേക്കാൾ കൂടുതൽ സന്തോഷം മൂത്ത മക്കളുടെ ജനനത്തിങ്കൽ ഉണ്ടാകാറുണ്ട്. അപ്പനെയും അമ്മയെയും അവരുടെ രണ്ടുപേരുടെ കുടുംബങ്ങളെയും ആനന്ദത്തിൽ ആറാടിച്ചുകൊണ്ടുള്ള വരവാണ് മൂത്ത കുഞ്ഞിന്റേത്. ആ കുഞ്ഞിനെ കൊഞ്ചിക്കാനും അതിന് കുഞ്ഞുടുപ്പുകൾ കൊടുക്കാനും അതിനെ ഉമ്മകൾ കൊണ്ട് പൊതിയാനും പലരും മത്സരിച്ചുപോയ സന്ദർഭമാണത്.

ആ കുഞ്ഞ് വളർന്നുവലുതാകുമ്പോൾ, ഇതിനൊക്കെ പകരം കൊടുക്കേണ്ടതുണ്ട്. കൂടുതൽ സ്നേഹം കിട്ടിയിട്ടുള്ളവനായതുകൊണ്ട്, കൂടുതൽ

സ്നേഹം തിരിച്ചുകൊടുക്കാൻ അവനു ഉത്തരവാദിത്തമുണ്ട്. അവനെ മൂത്ത മകനായി/മകളായി ജനിക്കാൻ അനുവദിച്ചത് ദൈവമാണ്. ദൈവമാണ് അവനെ/അവളെ ഒന്നാമതാക്കിയത്. അക്കാര്യവും ഓർമ്മയിൽ വച്ചാൽ, കുടുംബത്തോടുള്ള ബന്ധത്തിൽ എത്രമാത്രം ഉത്തരവാദിത്വവും ഉത്സാഹവും കാണിക്കേണ്ടതുണ്ടെന്ന് മൂത്തമക്കൾ അനായാസം തിരിച്ചറിയും.

**മൂത്തമക്കൾ മാതൃകയാകണം**

മൂത്തമക്കൾ താഴെയുള്ളവർക്ക് മാതൃകയാകണം. ആത്മികകാര്യങ്ങൾ ഉൾപ്പെടെ സകല കാര്യങ്ങളിലും അവർ താഴെയുള്ളവർക്ക് വഴികാട്ടികളാകണം. അനുജന്മാരും അനുജത്തിമാരും മൂത്തവരെ അനുകരിക്കുക സ്വാഭാവികമാണ്. ഇളയവരുടെ മുന്നിൽ മാതൃകയായി ജീവിച്ചാൽ മാത്രമേ, അവരെ ഗുണദോഷിക്കാനും ശാസിക്കാനും തിരുത്താനും മൂത്തവർക്ക് സാധിക്കുകയുള്ളൂ. പഠനത്തിൽ ഉഴപ്പുന്ന ജ്യേഷ്ഠന്, താഴെയുള്ളവരോട് പഠിക്കാൻ പറയാനുള്ള അവകാശമില്ലല്ലോ.

സങ്കടമുള്ള ഒരു കാര്യം പറയാം: ചില വീടുകളിൽ മൂത്തമക്കൾ തന്നെ വഴിപിഴച്ചുപോകുന്നതായി കണ്ടിട്ടുണ്ട്. വീട്ടുകാർക്ക് തലവേദന സൃഷ്ടിക്കുന്നതായി അറിഞ്ഞിട്ടുണ്ട്. തങ്ങൾക്ക് ദൈവം തന്ന മുൻഗണനയെ അവഹേളിക്കുന്നവരാണവർ. കുടുംബത്തിൽ ഒന്നാമതായി ജനിക്കാൻ ദൈവം അനുവദിച്ചപ്പോൾ, അതിനു തക്കവിധമുള്ള ഉത്തരവാദിത്തബോധം കാണിക്കേണ്ടതുണ്ടെന്ന കാര്യത്തെ അവഗണിക്കുന്നവരാണവർ. ദൈവത്തിന്റെ അപ്രീതി പിടിച്ചുപറ്റി, ജീവിതത്തിൽ ലഭിക്കാവുന്ന പല അനുഗ്രഹങ്ങളും നഷ്ടപ്പെട്ടുപോകാൻ അതുനിമിത്തം അവർക്ക് കാരണമാകുന്നു.

**കയീൻ എന്ന മൂത്തമകൻ**

"ഞാൻ എന്റെ അനുജന്റെ കാവൽക്കാരനോ?" എന്നു ചോദിച്ച മൂത്തമകൻ! (ഉല്പത്തി 4:9). മിസ്റ്റർ കായീൻ, താങ്കൾ താങ്കളുടെ അനുജന്റെ കാവൽക്കാരൻ തന്നെയാണ്. അനുജനെ സ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള ഉത്തരവാദിത്തം താങ്കൾക്കുണ്ടായിരുന്നു. അതിനൊക്കെ വേണ്ടി കൂടിയാണ് ദൈവം ആ കുടുംബത്തിൽ മൂത്തവനായി ജനിക്കാൻ താങ്കൾക്ക് അവസരം നൽകിയത്. സ്വന്തം തെറ്റുകൾ കണ്ടുപിടിച്ച് തിരുത്തേണ്ടതിനു പകരം, അനുജനോട് അസൂയയും പകയും വച്ചുപുലർത്തി, അവനെ വകവരുത്തിയ ദുഷ്ടനായ ജ്യേഷ്ഠനായി കയീൻ അധഃപതിച്ചു.

**ഏശാവ് എന്ന മൂത്തമകൻ**

"ഈ ജ്യേഷ്ഠാവകാശം എനിക്ക് എന്തിന്?" എന്നു ചോദിച്ച മൂത്തമകൻ! (ഉല്പത്തി 25:32). ദൈവം മൂത്തമക്കൾക്ക് കൊടുത്തിട്ടുള്ള പ്രത്യേക

മായ അവകാശത്തെ വിലകുറച്ചു കാണുകയും അങ്ങനെ തലമുറകളിലേക്ക് അനുഗ്രഹനഷ്ടങ്ങൾ വരുത്തിവയ്ക്കുകയും ചെയ്തു. തന്റെ അനുജനെ സ്നേഹിച്ചുകൊണ്ട് ജ്യേഷ്ഠാവകാശം കൊടുത്തതല്ല, ജ്യേഷ്ഠാവകാശത്തേക്കാളധികം ഭക്ഷണത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട്, ജ്യേഷ്ഠാവകാശത്തെ തുച്ഛീകരിക്കുകയാണ് ഏശാവ് ചെയ്തത്.

**രൂബേൻ എന്ന മൂത്തമകൻ**

"ബാലനോട് (അനുജനോട്) ദോഷം ചെയ്യരുത്" എന്നു പറഞ്ഞ മൂത്തമകൻ! (ഉല്പത്തി 42:22). അനുജനായ യോസേഫിനെ രക്ഷിക്കാൻ അവൻആഗ്രഹിച്ചുവെങ്കിലും (37:22), മൂത്ത ജ്യേഷ്ഠൻ എന്ന നിലയിൽ മറ്റുള്ള എല്ലാ അനുജന്മാരെക്കൊണ്ടും അനുസരിപ്പിക്കുന്നതിൽ അവൻ പരാജയപ്പെട്ടു. വെള്ളം പോലെ തുളുമ്പുന്നവനാണ് അവനെന്നും അവൻ ശ്രേഷ്ഠനാകയില്ലെന്നും സ്വന്തം അപ്പൻ തന്നെ പറഞ്ഞു (49:4).

**യേശു: മാതൃകയായ മൂത്തമകൻ**

യോസേഫ്-മറിയം ദമ്പതികൾക്ക് നാല് ആൺമക്കളും ഒന്നിൽക്കൂടുതൽ പെൺമക്കളും ഉണ്ടായിരുന്നു (മത്തായി 13:55-56). എന്നാൽ ഈ മക്കളെല്ലാം ജനിക്കുന്നതിനുമുമ്പ് യേശു ആ കുടുംബത്തിൽ ജനിച്ചിരുന്നു. താഴെയുള്ള എല്ലാ കുഞ്ഞനുജന്മാരും അനുജത്തിമാരും മാതൃകയുള്ള ജ്യേഷ്ഠനെക്കണ്ടാണ് വളർന്നത്. കുടുംബത്തെ പുലർത്താൻ മുപ്പത് വയസ്സുവരെ അദ്ധ്വാനിച്ച മൂത്തമകൻ; ഇളയവരെല്ലാം സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരായപ്പോൾ മാത്രം ദൈവരാജ്യം പ്രസംഗിക്കാനായി ഇറങ്ങിപ്പുറപ്പെട്ട മൂത്തമകൻ. കുടുംബത്തോട് തങ്ങൾക്കുള്ള ഉത്തരവാദിത്തം നിറവേറ്റാത്ത എല്ലാ മൂത്തമക്കളും കണ്ടുപഠിക്കട്ടെ.

**ഉപസംഹാരം**

കയീൻ, ഏശാവ്, രൂബേൻ എന്നിവരെല്ലാം പലനിലകളിൽ പരാജയപ്പെട്ട ജ്യേഷ്ഠന്മാർ ആണ്; പക്ഷേ യേശു വിജയിച്ച ജ്യേഷ്ഠനാണ്. കുടുംബത്തിലെ പ്രാരാബ്ധങ്ങളുടെ പാരമ്യം മനസ്സിലാക്കുന്ന ജ്യേഷ്ഠന്മാർ സ്വന്തം കുടുംബത്തെ സംരക്ഷിക്കാനും നിലനിർത്താനുമായി ഏത് ത്യാഗത്തിനും തയ്യാറാവും. കാരണം അവരാണ് കുടുംബത്തിലെ മൂത്തമക്കൾ. താഴെയുള്ളവരെ ചേർത്തുപിടിച്ച് കുടുംബത്തിന്റെ മാനം കാക്കേണ്ടവർ.

മൂത്തവനെ വടവൃക്ഷമാക്കി, അതിന്റെ തണലിൽ കഴിഞ്ഞ്, വളർന്നു കാര്യപ്രാപ്തിയിലേക്ക് എത്താൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തിട്ടുള്ള അനുജന്മാർ/ അനുജത്തിമാർ ഉണ്ട്. അവിടെയും കയ്യടിക്ക് അർഹരായിട്ടുള്ളത് മൂത്തവർ തന്നെയാണ്. **(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Thomas K D, Pune, Maharashtra

ജൂൺമാസത്തിലെ മാസിക ലഭിച്ചു. എഡിറ്റോറിയൽ, ബ്രദർ ഐസക്കുമായുള്ള അഭിമുഖം, ലോട്ടറിയെക്കുറിച്ചുള്ള താങ്കളുടെ കാഴ്ചപ്പാട് എന്നിവയെല്ലാം വളരെ അർത്ഥവത്തായതും അറിവുകൾ നൽകുന്നതുമാണ്. ജൂൺമാസത്തിലെ ലക്കം 150-ാം ലക്കമാണ് എന്നറിഞ്ഞതിൽ വളരെ സന്തോഷം. ദൈവത്തെ കൂടുതലായി സേവിക്കാൻ ഇനിയും കഴിയട്ടെ; ദൈവം അനുഗ്രഹിക്കട്ടെ.

## Jaimohan Athirunkal

മാസിക മുഴുവനും ഒറ്റയിരുപ്പിൽ വായിച്ചു. മിക്കവാറും അങ്ങനെയാണ് വായിക്കുക. മാസിക തുടർന്നും ഇങ്ങനെത്തന്നെ പോകട്ടെ. 6-ാം പേജിൽ 'വായനാസുഖം' എന്നെഴുതിയത് ശരിയല്ല. 'വായനസുഖം' എന്നു മതി. വായന + സുഖം = വായനസുഖം. വായന എന്ന വാക്ക് അവസാനിക്കുന്നത് 'അ' ശബ്ദത്തിലാണ്. 'ആ' അല്ല. അടുത്ത വാക്ക് അ/ആ ശബ്ദത്തിൽ ആരംഭിച്ചാൽ, ദീർഘോച്ചാരണം വരും (വായന + ആഭിമുഖ്യം = വായനാഭിമുഖ്യം) **(എഡിറ്റർ: ഇത്തരം കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനെ എപ്പോഴും സ്വാഗതം ചെയ്യുന്നു. വായനക്കാർക്കും ഇത് പ്രയോജനം ചെയ്യും)**

## A V Jose, Maruthancode, Thrissur

മാസിക യഥാസമയം ലഭിക്കുന്നു. വളരെ നല്ല മാസിക എന്നു തന്നെ പറയാം. വലിയ വലിയ ദൈവദാസന്മാർ കൈകാര്യം ചെയ്യുന്ന മാസികകൾ പോലും ഇപ്പോൾ 4 രൂപ സ്റ്റാമ്പ് ഒട്ടിച്ചാണ് അയയ്ക്കുന്നത്. അവരൊന്നും യഥാസമയം രജിസ്ട്രേഷൻ പുതുക്കുന്നില്ല. 25 പൈസയുടെ സ്റ്റാമ്പ് ഒട്ടിക്കേണ്ടതിനു പകരം 4 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച് അയയ്ക്കുന്നവർ എത്ര രൂപയുടെ നഷ്ടമാണ് വരുത്തുന്നത്! പതിനായിരത്തിലധികം വായനക്കാരുള്ള ഒരു ക്രിസ്ത്യൻ മാസികയും ഇക്കൂട്ടത്തിൽ പെടുന്നു. അതുകൊണ്ട്, എങ്ങനെയാണ് രജിസ്ട്രേഷൻ പുതുക്കേണ്ടതെന്ന് മാസികയിൽ ഒന്നു വിശ

ദീകരിച്ചാൽ നന്നായിരുന്നു. **(എഡിറ്റർ: ഇന്ത്യാഗവൺമെന്റിന്റെ RNI രജിസ്ട്രേഷൻ നഷ്ടപ്പെടാതെ നോക്കണം. അതിന് എല്ലാ വർഷവും annual statement ഫയൽ ചെയ്യണം. Press Registrar General of India (PRGI.GOV.IN) എന്ന സൈറ്റിൽ കയറിയാൽ ഇതിന്റെ വിശദാംശങ്ങൾ ലഭിക്കും. ഇക്കാര്യത്തിൽ വീഴ്ച വന്നാൽ കേരളത്തിലെ പോസ്റ്റൽ അധികൃതരുടെ പക്കൽനിന്നുള്ള രജിസ്ട്രേഷൻ നഷ്ടപ്പെടും. പിന്നെ നാല് രൂപയുടെ സ്റ്റാമ്പ് ഒട്ടിക്കേണ്ടിവരും.)**

## David Kandath, Evangelist, Banglore

മാസിക ലഭിക്കുന്നുണ്ട്. അതിലെ ഉള്ളടക്കങ്ങൾ വളരെ നല്ലതാണ്. ഒറ്റയിരുപ്പിൽ വായിച്ചുതീർക്കുവാൻ പ്രേരിപ്പിക്കുന്നതാണ്. ജൂൺമാസത്തിലെ മുഖപ്രസംഗം (*സ്വർഗ്ഗം ഹൗസ്ഫുൾ*) വായിച്ചു. വളരെ സത്യമാണ്. എന്നാൽ അതിൽ പരിഗണിക്കേണ്ടതായ ഒരു വിഷയം എന്റെ മനസ്സിൽ തോന്നിയത് എന്താണെന്ന് വച്ചാൽ, ലോകമെമ്പാടും ഓരോ ദിവസവും ആയിരക്കണക്കിന് കുഞ്ഞുങ്ങൾ അബോർഷന് വിധേയമാകുന്നു. ഈ കുഞ്ഞുങ്ങളെല്ലാം സ്വർഗ്ഗത്തിൽ ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. അവരെയും കണക്കിലെടുക്കുകയാണെങ്കിൽ സ്വർഗ്ഗം എത്ര കണ്ട് നിറഞ്ഞിരിക്കും!

**ഒരു മഴയും തോരാതിരുന്നിട്ടില്ല**
**ഒരു കാറ്റും അടങ്ങാതിരുന്നിട്ടില്ല**
**ഒരു രാവും പുലരാതിരുന്നിട്ടില്ല**
**ഒരു നോവും കുറയാതിരുന്നിട്ടില്ല**
**തിരമാലയിൽ ഈ ചെറുതോണിയിൽ**
**അമരത്തെന്നരികെ അവനുള്ളതാൽ**
**ഒരു മഴയും....**

**മഞ്ഞും മഴയും പൊള്ളുന്ന വെയിലും**
**എല്ലാം നാഥന്റെ സമ്മാനമാം**
**എൻ ജീവിതത്തിന് നന്നായ് വരാനായ്**
**എൻപേർക്ക് താതൻ ഒരുക്കുന്നതാൽ**
**ഒരു മഴയും....**

**കല്ലും മുള്ളും കൊള്ളുന്ന വഴിയിൽ**
**എന്നോടുകൂടെ നടക്കുന്നവൻ**
**എൻപാദമിടറി ഞാൻ വീണുപോയാൽ**
**എന്നെ തോളിൽ വഹിച്ചീടുവോൻ**
**ഒരു മഴയും....**

**(സാജൻ പി. മാത്യു)**

# ആസ്യയിലെ ഏഴ് സഭകൾ

**5**

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## എഫെസൊസ് സഭയ്ക്കുള്ള സന്ദേശം (വെളി. 2:1-7)

**കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചത്:**

എഫെസൊസ് പട്ടണത്തിന്റെ പ്രത്യേകതകൾ

*(1) ക്ഷുദ്രപ്രയോഗത്തിന്റെ പട്ടണം*

*(2) അർത്തെമിസ് ദേവിയുടെ പട്ടണം*

എഫെസൊസ് സഭയുടെ പ്രത്യേകതകൾ

*(1) പൗലൊസിന്റെ പ്രവർത്തനഫലമായുണ്ടായ സഭ*

*(2) വിശുദ്ധന്മാരോട് സ്നേഹമുള്ള സഭ*

**എഫെസൊസ് സഭയുടെ ഗുണവശങ്ങൾ:**

അമ്പേ പരാജയപ്പെട്ട സഭയല്ല ഇത്; കുറെ ഗുണങ്ങളുണ്ട്. നാം ഓരോരുത്തരും കൂടിവരുന്ന സഭാകൂടിവരവുകളുടെ ഗുണങ്ങൾ വിലയിരുത്തുന്നതും അവയെ എഫെസൊസ് സഭയുടെ ഗുണങ്ങളുമായി താരതമ്യം ചെയ്യുന്നതും നല്ലതാണ്.

*ഞാൻ നിന്റെ പ്രവൃത്തിയും (works) പ്രയത്നവും (hard work) സഹിഷ്ണുതയും (patience)... അറിയുന്നു (2:2)*

കർത്താവിനുവേണ്ടി നാം നടത്തുന്ന പ്രവൃത്തികൾ എല്ലാം കർത്താവ് വിലയിരുത്തുന്നുണ്ട്. മനുഷ്യന്റെ വിലയിരുത്തൽ പോലെയല്ല; കർത്താവ് എത്ര മാർക്കിടുന്നു എന്നതാണ് പ്രധാനം. 'ഞാൻ അറിയുന്നു' എന്നു പറയുന്നതിൽ അടങ്ങിയിട്ടുള്ള മുന്നറിയിപ്പിന്റെ ധ്വനി നാം ശ്രദ്ധിക്കേണ്ടതുണ്ട്. ദൈവനാമത്തിൽ നാം ചെയ്യുന്ന സകല പ്രവൃത്തികളും കർത്താവിനുവേണ്ടി

ചെയ്യുന്ന സകല കഠിനാദ്ധ്വാനവും വിശ്വാസജീവിതത്തിൽ നാം പ്രകടമാക്കുന്ന ക്ഷമയും എല്ലാം ദൈവം വിലയിരുത്തുന്നുണ്ട്. ദൈവസഭയ്ക്കുവേണ്ടി വളരെ ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടി നിലകൊള്ളുകയും, അതേസമയം വിസ്വാസികളാൽ ആദരിക്കപ്പെടാതെ പോവുകയും ചെയ്യപ്പെട്ടിട്ടുള്ള ധാരാളം വിശ്വാസികളുണ്ട്.

അവരുടെ പ്രവൃത്തികൾ മൂല്യമില്ലാത്തവയായി തെറ്റിദ്ധരിക്കപ്പെടുകയോ, അവരുടെ പ്രയത്നങ്ങൾ അഹങ്കാരമായി വ്യാഖ്യാനിക്കപ്പെടുകയോ, അവർ കാണിച്ച ക്ഷമ ഭീരുത്വമായി ചിത്രീകരിക്കപ്പെടുകയോ ചെയ്യപ്പെട്ടു. മറ്റു വിശ്വാസികൾ ഒത്തുകൂടുന്നയിടങ്ങളിൽ മേല്പറഞ്ഞ വിശ്വാസികളെ വിമർശിച്ചുകൊണ്ട് സംസാരിക്കുന്നതിലും അവരെ കളിയാക്കുന്നതിലും പലരും ആനന്ദം കണ്ടെത്തി. ഫലമോ! അവർ ഒറ്റപ്പെട്ടുപോയി. ഗ്രൂപ്പുകളിയിൽ ജയിച്ചവർ പിന്നെയും അവരെ വേട്ടയാടുന്നത് തുടരും.. പക്ഷേ അവരെ അറിയുന്ന കർത്താവ് അവർക്കുണ്ട് എന്ന ബലത്തിലാണ് ആ സഹോദരങ്ങൾ മുന്നേറുന്നതെന്ന് ദൈവസഭകളിലെ കുറ്റംപറച്ചിലുകാരും വിമർശകരും മനസ്സിലാക്കുന്നില്ല!

ദൈവസഭയിലും കുടുംബത്തിലും ജോലിസ്ഥലത്തും സമൂഹത്തിലുമെല്ലാം പലരാൽ വേട്ടയാടപ്പെടുന്ന ദൈവപൈതലേ, നീ ക്ഷീണിച്ചു തളർന്നുപോകേണ്ടതില്ല. നമ്മുടെ പ്രവൃത്തിയും പ്രയത്നവും അറിയുന്ന കർത്താവാണ് നമുക്കുള്ളത്. ഏതു മേഘലയിലും നാം കാണിക്കുന്ന സഹിഷ്ണുത അവിടുന്ന് കാണുന്നുണ്ട്. ദൈവം ഒന്നും മറന്നുപോകുന്നവനല്ല. ഒരിക്കൽ നാം ആ ദൈവത്താൽ ഉയർത്തപ്പെടുക തന്നെ ചെയ്യും. കർത്താവിന്റെ മഹത്വം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളുമായി മുന്നേറുക; ബാക്കിയെല്ലാം കർത്താവ് നോക്കിക്കൊള്ളും.

*...കൊള്ളരുതാത്തവരെ (evil people)*
*നിനക്കു സഹിച്ചുകൂടാത്തതും... ഞാൻ അറിയുന്നു (2:2)*

കൊള്ളരുതാത്തവർ ദൈവസഭയിലോ! അതെ, ദുഷ്ടരായ സഹോദരന്മാർ ദൈവസഭയിലുണ്ട്. ബ്രദർ എന്നു നാം വിളിക്കുന്ന പലരും *ഈവിൾബ്രദർ (evil brother)* ആണ്. അത്തരക്കാരെ നാം *സഹോദരൻ* എന്നല്ല വിളിക്കേണ്ടത്, *ദുഷ്ടസഹോദരൻ* എന്നാണ്. ഇത്തരക്കാരെ യാതൊരു വിധത്തിലും വച്ചുപൊറുപ്പിക്കാത്ത സഭയായിരുന്നു എഫെസെസ് സഭ.

കൊരിന്തുസഭ ഇക്കാര്യത്തിൽ പരാജയപ്പെട്ടുപോയിരുന്നു. "...ദുഷ്കർമ്മം ചെയ്തവനെ നിങ്ങളുടെ ഇടയിൽനിന്ന് നീക്കുവാൻ തക്കവണ്ണം നിങ്ങൾ ദുഃഖിച്ചിട്ടുമില്ല" എന്നു പറഞ്ഞ്, അവരുടെ നേരെ അപ്പൊസ്തലനായ പൗലൊസിന് ദേഷ്യപ്പെടേണ്ടി വന്നു (1 കൊരി.5:2); മാത്രമല്ല, അവരുടെ

നേരെ പൊട്ടിത്തെറിച്ചുകൊണ്ട് പൗലൊസ് പറയുന്നത് കേൾക്കുക: "ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളവിൻ" (1 കൊരി.5:13). പക്ഷേ ഇക്കാര്യത്തിൽ എഫെസൊസ് സഭയെ കർത്താവ് പുകഴ്ത്തുകയാണ് ചെയ്തത്; കാരണം ദുഷ്ടസഹോദരന്മാരെ അവർ സഭയിൽ അംഗീകരിക്കയില്ലായിരുന്നു.

സഹോദരന്മാരേ, നിങ്ങളുടെ പ്രാദേശികസഭയുടെ ഇക്കാര്യത്തിലുള്ള നിലപാട് എങ്ങനെയാണ്? പൗലൊസ് ശാസിച്ച കൊരിന്തുസഭയുടെ നിലപാടാണോ, അതോ കർത്താവ് പ്രശംസിച്ച എഫെസൊസ് സഭയുടേതോ? ഇന്ന് ദൈവസഭകളിൽ ദുഷ്ടസഹോദരന്മാരുടെ വിളയാട്ടമാണ്. പക്ഷേ അവർ പണക്കാരും സ്വാധീനമുള്ളവരും ഗ്രൂപ്പുകളിയിൽ മിടുക്കരുമാകയാൽ എന്നും അവരുടെ പക്ഷം ജയിക്കുകയും, ദുഷ്ടസഹോദരന്മാരുടെ കീഴിൽ സഭ അകപ്പെട്ടുപോവുകയും താമസിയാതെ പിളർന്ന് തരിപ്പണമാവുകയും ചെയ്യുന്നു.

സഭയിൽ ദുഷ്ടസഹോദരന്മാർ (കൊള്ളരുതാത്തവർ) ഉണ്ട് എന്ന തിരിച്ചറിവ് നമുക്കു തിരുവെഴുത്തിലൂടെ ലഭിച്ചിരിക്കയാൽ, നമ്മുടെ നോട്ടം ആദ്യം പതിയേണ്ടത് നമ്മിൽ തന്നെയാണ്. ഞാൻ ദുഷ്ടസഹോദരനോ? സ്വയം വിലയിരുത്തുക. പ്രാർത്ഥനയിൽ നാം ചെലവഴിക്കുന്ന സമയം എത്രയെന്നതിന് കണക്ക് വച്ചുനോക്കൂ. നമ്മുടെ ബൈബിൾവായന എപ്രകാരമാണ്? നമ്മുടെ സഭായോഗത്തിലെ പങ്കാളിത്തം എങ്ങനെയുണ്ട്? സുവിശേഷപ്രവർത്തനങ്ങളിൽ നാം എത്രത്തോളം സജീവമാണ്? നാം സഭയിൽ ഭിന്നത ഉണ്ടാക്കുന്നുണ്ടോ? നാം ഒരു സഭയിൽനിന്ന് മറ്റൊന്നിലേക്ക് മാറിയിട്ടുണ്ടെങ്കിൽ, അത് ബൈബിൾപ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചു തന്നെയാണോ? ചോദ്യങ്ങളുടെ കുന്തമുനകളെല്ലാം ആദ്യം നമ്മിലേക്ക് തന്നെ നീളട്ടെ.

പലരും കൊള്ളരുതാത്തവരെ സഹിക്കുന്നു. വച്ചുപൊറുപ്പിക്കുന്നു. അവരോട് ദൈവം ചോദിച്ചുകൊള്ളും എന്നു ആശ്വസിക്കുന്നു. ദൈവനാമം പരസ്യമായി അപമാനിക്കപ്പെടുന്നത് ഒഴിവാക്കാനാണ് പലരും ഇപ്രകാരം നിശബ്ദത പാലിക്കുന്നത്. എന്നാൽ എഫെസൊസ് സഭ ഇക്കാര്യത്തിൽ പ്രതികരിക്കുന്നവരായിരുന്നു. സഭയിലെ കൊള്ളരുതാത്തവരെ ചുമക്കാൻ അവർ തയ്യാറല്ല. അതിനു അവർ വലിയ വില കൊടുക്കേണ്ടിവന്നിട്ടുണ്ടാകുമെന്ന് നമുക്ക് ഊഹിക്കാമല്ലോ.

കൊള്ളരുതാത്തവരെ വച്ചുകൊണ്ട് സഭയിലെ ആളുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ആരും നോക്കേണ്ടതില്ല. ചില നിലപാടുകൾ വച്ചുപുലർത്തുന്നതുമൂലം നാം കുറഞ്ഞുപോകുന്നുവെങ്കിൽ കുറഞ്ഞുപോകട്ടെ; ഒടുങ്ങിപ്പോകുന്നുവെങ്കിൽ ഒടുങ്ങിപ്പോകട്ടെ.

**(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി

4

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..*
എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 10. മറക്കാനാവാത്ത ആ രാത്രി

സുവിശേഷവേലയിൽ തിക്തമായ അനുഭവങ്ങൾ ഉണ്ടായപ്പോൾ തന്നെ അത്ഭുതകരങ്ങളായ അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. മറ്റുള്ളവർക്ക് ഒരു പക്ഷേ വിശ്വസിക്കാൻ പ്രയാസം തോന്നുന്ന കാര്യങ്ങളും എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്.

1987-88 കാലഘട്ടത്തിലെ ഒരു പകൽ... വീട്ടിൽ ആഹാരത്തിന് ബുദ്ധിമുട്ടായിരുന്നു. കപ്പ വേവിച്ചത് അല്പം കഴിച്ചതിനുശേഷം ഞാൻ പുറത്തേക്ക് പോയി. പകൽസമയം പ്രാർത്ഥനയിൽ സമയം ചെലവഴിച്ചു. സ്കൂൾ വിട്ടതിനുശേഷം ചെറിയ റെജി എന്ന് വിളിക്കപ്പെടുന്ന ഒരു പയ്യൻ എന്റെ കൂടെ വരും. ഞാനും അവനും വീടുകൾ സന്ദർശിച്ച് സുവിശേഷം അറിയിക്കും. റെജി ബൈബിൾക്ലാസ്സിൽ പങ്കെടുക്കുന്ന ഒരാളാണ്. ചുവന്നമണ്ണ്, വഴക്കും പാറസഭകളുടെ ആരംഭകാലത്തിലെ കാര്യമാണ് പറഞ്ഞുവരുന്നത്.

റെജിയുടെ കൂടെ കുറെ വീടുകൾ സന്ദർശിച്ചു. സന്ധ്യയായപ്പോൾ ബൈബിൾക്ലാസ്സിനു വന്നു. അന്ന് ക്ലാസ്സിനു പകരം ചർച്ചയായിരുന്നു. ചോദ്യോത്തരവേളയായി സമയം നീണ്ടുപോയി. തലേ ദിവസം പഠിപ്പിച്ച കാര്യങ്ങൾ സംബന്ധിച്ചുള്ള സംശയങ്ങളും ചോദ്യങ്ങളുമായിരുന്നു അന്ന് ചർച്ച ചെയ്തത്. രാത്രി പന്ത്രണ്ടേകാല് വരെ ആ ചർച്ച നീണ്ടു.

ഇപ്പോൾ പൂവഞ്ചിറയുള്ള ചുണ്ടേക്കാട്ടിൽ ജോയി അഥവാ വർഗ്ഗീസ് എന്ന സഹോദരൻ അന്ന് അവിടെ ക്ലാസ്സിനു വരുന്നുണ്ടായിരുന്നു. പകൽ ആഹാരം കഴിക്കാത്തതു നിമിത്തമുള്ള ക്ഷീണം എനിക്കുണ്ട്. വീട്ടിലേക്ക് ആ രാത്രിയിൽ നടന്നുതന്നെ പോകണം. തുലാമഴയുള്ള കാലം. ഇടിയും മിന്നലും ചാറൽമഴയും! ആ സഹോദരൻ എന്നെ സൈക്കിളിൽ ചുവന്ന മണ്ണ് - കല്ലിടുക്ക് വരെ കൊണ്ടുവന്നാക്കി.

ചുവന്നമണ്ണിലെ  കൃഷ്ണേട്ടന്റെ കട സുപ്രസിദ്ധമാണ്. അവിടെനിന്നും ജോയിസഹോദരൻ എനിക്ക് ദോശ വാങ്ങിത്തന്നു. തുടർന്ന് എന്റെ വീട്ടിലേക്ക് ഏകദേശം നാല് കിലോമീറ്റർ റോഡിലൂടെ നടക്കണം. പിന്നെ അല്പദൂരം പാടത്തിന്റെ വരമ്പിലൂടെ നടക്കണം. കുട കയ്യിലുണ്ട്. അവിടെ ഒരു കടയിൽനിന്ന് മെഴുകുതിരി ലഭിക്കും. അത് കത്തിച്ചു കൈപിടിച്ചുകൊണ്ട് പോകണം. പക്ഷേ അപ്പോൾ പാതിരാത്രി കഴിഞ്ഞിരുന്നതുകൊണ്ട് ആ കടയൊക്കെ അടച്ചിരുന്നു.

വളരെയധികം ക്ഷീണിതനായ ഞാൻ, ഹൈവേയിൽനിന്ന് ഏകദേശം 600 മീറ്റർ നടക്കുമ്പോഴേക്കും കുഴഞ്ഞുപോയി. പകൽ ആഹാരം കഴിക്കാതിരുന്നതുകൊണ്ട്, രാത്രി ദോശ കഴിച്ചപ്പോഴേക്കും തളർന്നുപോവുകയാണ് ചെയ്തത്.  മുന്നോട്ട് നടക്കാൻ ബുദ്ധിമുട്ട് അനുഭവിച്ച ഞാൻ അല്പ സമയം അവിടെ മുട്ടുകുത്തി പ്രാർത്ഥിച്ചു. നല്ല ഇരുട്ടുണ്ട്. ഇടിമിന്നൽ ഉണ്ടാകുമ്പോൾ ലഭിക്കുന്ന വെളിച്ചം മാത്രമേയുള്ളൂ.

പത്തിരുപത് മിനിറ്റുനേരം ഞാൻ പ്രാർത്ഥിച്ചുകാണും. പെട്ടെന്നുണ്ടായ ഒരു വ്യതിയാനം, എന്തോ ഒരു വെളിച്ചം എനിക്കു ചുറ്റും പ്രകാശിച്ചു. ഞാൻ നോക്കിയപ്പോൾ എന്റെ കയ്യിലെ രോമമെല്ലാം എനിക്കു കാണാം. വഴിയും ഇപ്പോൾ വ്യക്തമായി കാണാം. ഞാൻ അല്പം ഭയപ്പെട്ടുപോയി. പിന്നെ എനിക്കു ധൈര്യം കിട്ടി. ഞാൻ എഴുന്നേറ്റു നടന്നു. അവിടെനിന്ന് എന്റെ വീട്ടിലേക്ക് നടന്നെത്തുവാൻ ഏകദേശം 45 മിനിറ്റ് വേണം. പക്ഷേ അന്ന് ഞാൻ ഒരു ഇരുപത് മിനിറ്റിനുള്ളിൽ എന്റെ വീട്ടിലേക്ക് നടന്നെത്തി.

അന്ന് എന്റെ വീട് മലമുകളിലാണ്. മുകളിലേക്കുള്ള പടികൾ കയറി ഞാൻ എന്റെ വീട്ടിലെത്തി. കുഞ്ഞുങ്ങളെല്ലാം ഉറങ്ങിയിട്ടുണ്ടായിരുന്നു. വീട്ടുകാരത്തി ഉറങ്ങാറില്ല; ഞാൻ വരുന്നതുവരെ വിളക്ക് കത്തിച്ച് എന്നെ കാത്തിരിക്കും. ഞാൻ എന്റെ വീട്ടിൽ എത്തുന്നതുവരെയും ആ വെളിച്ചം എന്നെ പിന്തുടർന്നു. എനിക്ക് വഴി വ്യക്തമായി കാണാവുന്ന വിധം എന്റെ ചുറ്റും ആ വെളിച്ചമുണ്ടായിരുന്നു. ഞാൻ ഏതെങ്കിലും വ്യക്തിയെ കാണുകയോ ശബ്ദം കേൾക്കുകയോ ചെയ്തില്ല; പക്ഷേ ആ വെളിച്ചം എനിക്ക് അനുഭവിക്കാൻ കഴിഞ്ഞു.

വീട്ടിലെത്തിയ ഞാൻ കുഞ്ഞുങ്ങളെ വിളിച്ചുണർത്തുകയും ഞാനും ഭാര്യയും കുഞ്ഞുങ്ങളും ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും ചെയ്തു. ഈ സംഭവം ഞാൻ അവരോട് പറഞ്ഞു. അതൊരു അത്ഭുതകരമായ രാത്രിയായിരുന്നു. ദൈവം തന്റെ ദൂതനെ എന്റെ സഹായത്തിനായി അയച്ചു എന്നാണ് ഞാൻ ഇതു സംബന്ധിച്ച് മനസ്സിലാക്കുന്നത്; ഞാൻ അത്രമാത്രം ക്ഷീണിതനായിരുന്നുവല്ലോ.

ഈ സംഭവത്തിനുശേഷം രണ്ട്മൂന്നു മാസക്കാലം എനിക്ക് അതിധൈര്യവും പ്രവർത്തനശേഷിയും നല്ല ആരോഗ്യവും ഉണ്ടായിരുന്നു. പക്ഷികളെപ്പോലെ പറക്കാൻ തോന്നുന്ന വിധമുള്ള ആരോഗ്യം ആ ദിവസങ്ങളിൽ എനിക്കുണ്ടായിരുന്നു. പനിയോ മറ്റു അസുഖങ്ങളോ എനിക്ക് ആ നാളുകളിൽ ഉണ്ടായില്ല. ഇതുപോലൊരു അനുഭവം എനിക്കൊരിക്കലും പിന്നീട് ഉണ്ടായിട്ടുമില്ല.

ഈ സംഭവം എനിക്ക് മറന്നുപോകാൻ കഴിയാത്ത ഒരു ജീവിതാനുഭവമാണ്. ജീവിതത്തിൽ വളരെ കഷ്ടതയുണ്ടായിരുന്നുവെങ്കിലും ഇത്തരം അനുഭവങ്ങൾ എന്നെ ധൈര്യപ്പെടുത്തുന്നതായിരുന്നു. മാത്രമല്ല ആത്മാക്കളെ നേടുവാനും കഴിഞ്ഞിട്ടുണ്ട്. എന്റെ ഈ ജീവിതാനുഭവം ഞാൻ ചിലരോടെല്ലാം പങ്കുവച്ചിട്ടുണ്ട്. ഒന്നുരണ്ട് അഭിമുഖങ്ങളിലും ഇക്കാര്യം ഞാൻ പറഞ്ഞിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ.

ഇത് ആളുകൾക്ക് വിശ്വസിക്കാൻ പ്രയാസമുണ്ടെങ്കിലും, ഞാൻ എന്റെ ജീവിതത്തിൽ അനുഭവിച്ച ശ്രേഷ്ഠമായ ഒരു കാര്യമാണ്. ഇതെത്തുടർന്ന് ഞാൻ അനുഭവിച്ച അതിധൈര്യവും ശാരീരികക്ഷേമവും എടുത്തുപറയേണ്ടതാണ്. മാത്രമല്ല ആത്മീയമായ നിലയിൽ വളരെ കൃപയും ഞാൻ അന്നാളിൽ പ്രാപിച്ചു. സുവിശേഷപ്രവർത്തനത്തിലും മറ്റ് ആത്മീയമായ കാര്യങ്ങളിലും എനിക്ക് കൂടുതലായി ശോഭിക്കുവാൻ ഈ സംഭവത്തിനുശേഷം കഴിഞ്ഞു. ഞാൻ ധാരാളമായി ആളുകളെ നേടിയിട്ടുള്ളത് ഈ സംഭവത്തിനുശേഷമാണ്.

ജീവിതത്തിൽ ക്ഷീണിച്ചുപോകുമ്പോഴെല്ലാം ഈ സംഭവം ഞാൻ ഓർക്കാറുണ്ട്. കർത്താവ് എത്ര നല്ലവനാണ്. എനിക്കുവേണ്ടി എങ്ങനെ കരുതുന്നു എന്നെല്ലാം ഓർത്ത് ദൈവത്തെ സ്തുതിക്കാറുണ്ട്, സ്തോത്രം ചെയ്യാറുണ്ട്. *റിയൽ ലൈഫി*ന്റെ വായനക്കാർക്ക് ഈ സംഭവം ചിലപ്പോൾ വിശ്വസിക്കാൻ പ്രയാസമുണ്ടായേക്കാം. പക്ഷേ എന്റെ ജീവിതത്തിൽ ഞാൻ ഇത് അനുഭവിച്ചറിഞ്ഞയാളാണ്.

ഇത് വായിക്കുന്നവർ മനസ്സിലാക്കുക, ദൈവം തന്റെ മക്കൾക്കായി വിവിധങ്ങളായ രീതികളിൽ കരുതുന്നവനാണ്; ആ കരുതലുകൾ ദൃശ്യമാണ്. എന്റെ ജീവിതത്തിൽ ഞാൻ അനുഭവിച്ചറിഞ്ഞ കാര്യങ്ങൾ സാക്ഷ്യമായി ഇവിടെ രേഖപ്പെടുത്തിയത് ദൈവനാമമഹത്വത്തിനു വേണ്ടിയാണ്. ദൈവം പ്രിയ വായനക്കാരെ അനുഗ്രഹിക്കട്ടെ.

**(തുടരും)**

**റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരുക**
**മാസിക അതിൽ നേരത്തേ ലഭിക്കും**

# യോനാ
## (പുസ്തകപഠനം)

2

-എംവിഎസ്-

### യോനയോട് മൂന്ന് ചോദ്യങ്ങൾ

**ചോദ്യം രണ്ട്: "യോനേ, നീ എന്തു ചെയ്യുന്നു?"**

"യോനേ, നീ എന്തു ചെയ്യുന്നു?" എന്ന ചോദ്യത്തിന്റെ ഉത്തരം യോനായുടെ പുസ്തകത്തിലെ നാലു അദ്ധ്യായങ്ങളിൽ നാം പരതിനോക്കിയാൽ, നാലു വ്യത്യസ്ത ഉത്തരങ്ങൾ നമുക്കു ലഭിക്കും. ഒന്നാം അദ്ധ്യായത്തിൽ, നല്ലവണ്ണം **ഉറങ്ങുന്ന യോന**യെ നാം കാണുന്നു (1:5). രണ്ടാം അദ്ധ്യായത്തിലാകട്ടെ **നിലവിളിക്കുന്ന യോന**യെ ആണ് കാണുവാൻ കഴിയുന്നത് (2:2). മൂന്നാം അദ്ധ്യായത്തിൽ **പ്രസംഗിക്കുന്ന യോന**യെയും (3:2), നാലാം അദ്ധ്യായത്തിൽ **കോപിക്കുന്ന യോന**യെയും (4:1) നാം കാണുന്നു.

ഒന്നാമത്തെ ചോദ്യം, "യോനേ നീ എവിടെ?" എന്നായിരുന്നുവല്ലോ. നാം എവിടെയായിരിക്കുന്നു എന്ന ചോദ്യം പോലെത്തന്നെ പ്രസക്തമാണ് നാം എന്തു ചെയ്യുന്നു എന്ന ചോദ്യവും. യോനയെ നാം ശ്രദ്ധിച്ചുനോക്കുമ്പോൾ, യോനാ ഉറങ്ങുന്നതും നിലവിളിക്കുന്നതും പ്രസംഗിക്കുന്നതും കോപിക്കുന്നതും ഒക്കെയാണ് നാം കാണുന്നത്. ഈ നാലു കാര്യങ്ങളിൽ രണ്ടാമത്തേതും മൂന്നാമത്തേതും (നിലവിളിയും പ്രസംഗവും) മാത്രമാണ് ദൈവം ഇഷ്ടപ്പെടുന്നതായിട്ടുള്ളൂ എന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്.

ഗതസെമനയിൽ ഇരുന്നു ഉറക്കം തൂങ്ങുന്ന ശിഷ്യന്മാരോട് നാം ഈ രണ്ടു ചോദ്യങ്ങൾ ചോദിച്ചാൽ ലഭിക്കുന്ന മറുപടി എന്തായിരിക്കും? "നിങ്ങൾ എവിടെ?" എന്ന ചോദ്യത്തിന്, "ഞങ്ങൾ ഗതസെമനയിൽ ഗുരുവിനോടൊപ്പമാണ്." എന്ന മറുപടിയും, "നിങ്ങൾ അവിടെ എന്തു ചെയ്യുന്നു?" എന്ന ചോദ്യത്തിന്, "ഞങ്ങൾ ഉറങ്ങുന്നു." എന്ന മറുപടിയും ആണ് അവർക്ക് പറയാനുള്ളത്. അതിൽ രണ്ടാമത്തേത് ആ സാഹചര്യത്തിൽ ദൈവഹിത പ്രകാരമുള്ള കാര്യമല്ലായിരുന്നു.

ഇനി ഈ ചോദ്യങ്ങൾ യൂദായോട് ചോദിച്ചാൽ ലഭിക്കുന്ന ഉത്തരം പരിശോധിക്കാം. "യൂദേ നീ എവിടെയാണ്?" എന്നു ചോദിച്ചാൽ, "ഞാൻ പരീശന്റെ വീട്ടിൽ ഗുരുവിനോടൊപ്പമാണ്." എന്ന മറുപടി; "നീ ഇപ്പോൾ എന്തു ചെയ്യുന്നു?" എന്ന് ചോദിച്ചാലോ, "ഞാൻ ഈ തൈലം മുന്നൂറു

വെള്ളിക്കാശിനു വിറ്റു ദരിദ്രർക്കു കൊടുത്തുകൂടെ എന്നു ചിന്തിക്കുന്നു." എന്ന മറുപടിയും! ഗുരുവിനോടൊപ്പമായിരിക്കുന്നത് നല്ല കാര്യമാണെങ്കിലും, ഗുരുവിന്റെ ഹിതത്തിന് എതിരായി അവൻ ചിന്തിച്ചുകൊണ്ടിരുന്നത് ദൈവ മുമ്പാകെ അവനു ഭൂഷണമല്ലായിരുന്നു. മറ്റുള്ളവർ നോക്കുമ്പോൾ നാം ശരിയായ ഇടത്തിലായിരിക്കാം; പക്ഷേ നമ്മുടെ ചിന്തകൾ വരെ അറിയുന്ന വനാണ് ദൈവം.

നമുക്കും വ്യത്യസ്ത അവസരങ്ങളിൽ ഈ രണ്ടു ചോദ്യവും നമ്മോടു തന്നെ ചോദിക്കാവുന്നതാണ്. മറുപടിയും നാം തന്നെ പറയുക. ആ മറുപടി ദൈവമുമ്പാകെ സ്വീകാര്യമായിരിക്കുമോ എന്നും കൂടെ നാം ഉറപ്പു വരു ത്തണം. ചില ഉദാഹരണങ്ങൾ നോക്കൂ:

**നീ എവിടെയാണ്?** – ഞാൻ സഭായോഗത്തിലാണ്.
**നീ എന്തു ചെയ്യുന്നു?** – ഞാൻ വെറുതെ ഉറക്കം തൂങ്ങി ഇരിക്കുന്നു/ ഞാൻ ശ്രദ്ധയോടും ഭക്തിയോടും കൂടെ ഇരിക്കുന്നു.

**നീ എവിടെയാണ്?** – ഞാൻ സ്കൂളിലാണ്
**നീ എന്തു ചെയ്യുന്നു?** – ഞാൻ ക്ലാസ്സുകൾ ശ്രദ്ധിക്കുന്നു/ഞാൻ അലസമായി ഇരിക്കുന്നു.

**നീ എവിടെയാണ്?** – ഞാൻ ഇന്ന സ്ഥലത്താണ്
**നീ എന്തു ചെയ്യുന്നു?** – ഞാൻ കൂട്ടുസഹോദരനോടൊപ്പം സുവിശേഷം അറിയിക്കുന്നു/ ഞാൻ പരദൂഷണം പറഞ്ഞുകൊണ്ട് ഇരിക്കുന്നു.

ഇതുപോലെ ഇടയ്ക്കിടെ നാം നമ്മോടുതന്നേ ചോദിക്കുക. നാം എവിടെയാണ്? നാം എന്തു ചെയ്യുന്നു? ഇതുപോലെ ചോദിക്കുന്നതു നിമി ത്തം നമ്മുടെ ജീവിതത്തെ കൂടുതൽ ആത്മികമായി മെച്ചപ്പെടുത്താൻ നമുക്കു കഴിയും. നാം ചെയ്യുന്ന കാര്യങ്ങൾ ദൈവഹിതപ്രകാരമുള്ള താണെന്നു ഉറപ്പുണ്ടെങ്കിൽ, എത്ര എതിർപ്പുകൾ ഉണ്ടെങ്കിലും അതിനെ അവഗണിച്ച് മുന്നേറേണ്ടതാണ്; ദൈവകൃപയിൽ ആശ്രയിച്ചാൽ അതിനു കഴിയും.

അപ്പൊ.പ്രവൃ.16:22-25 വരെയുള്ള വാക്യങ്ങളുടെ പശ്ചാത്തലത്തിൽ നിന്നു കൊണ്ട് പൗലൊസിനോടും ശീലാസിനോടും 'നിങ്ങൾ എവി ടെയാണ്?' എന്നു ചോദിച്ചാൽ, 'ഞങ്ങൾ കാരാഗൃഹത്തിലാണ്' എന്നു മറുപടി ലഭിക്കും. 'നിങ്ങൾ എന്തു ചെയ്യുന്നു?' എന്ന ചോദ്യത്തിന്, 'ഞങ്ങൾ കർത്താവിനെ പാടിസ്തുതിക്കുകയാണ്' എന്ന മറുപടിയും! അവർ രണ്ടു പേരും തങ്ങളുടെ ശരീരത്ത് മുറിവേറ്റിരിക്കുന്നത് നോക്കി നെടുവീർ പ്പിടുകയോ, നിലവിളിക്കുകയോ, ആ മുറിവുകൾക്ക് ശരിയായ ചികിത്സ കിട്ടാത്തതുമൂലം അവ കൂടുതൽ ഗുരുതരമായിത്തീർന്ന്, ശാരീരികാരോഗ്യം

ക്ഷയിക്കുമെന്ന് ചിന്തിച്ച് വിഷമിക്കുകയോ ഒക്കെ ചെയ്തിരുന്നുവെങ്കിൽ, ആർക്കും അവരെ കുറ്റം പറയാനൊന്നും കഴിയുമായിരുന്നില്ല; കാരണം അത്തരം പ്രതികരണങ്ങൾ ആ സന്ദർഭങ്ങളിൽ സ്വാഭാവികം മാത്രമാണ്. എന്നാൽ, അവർ രണ്ടു പേരും അതൊക്കെ മറന്ന് കർത്താവിനെ പാടി സ്തുതിച്ചു. ഹാ! എത്ര നല്ല മാതൃക!

പത്മൊസ് ദ്വീപിലെ യോഹന്നാൻ, കാരാഗൃഹത്തിലെ പത്രൊസ് ഇവരൊക്കെ മരണത്തെ മുന്നിൽ കണ്ടപ്പോഴും കർത്താവിൽ ശരണപ്പെട്ട് അതിധൈര്യത്തോടെ മുന്നേറിയവരാണ്. ഭയന്നിരിക്കുവാനോ നിരാശപ്പെട്ടിരിക്കുവാനോ അവർ തയ്യാറായിരുന്നില്ല. അതുകൊണ്ട് 'നീ എന്തു ചെയ്യുന്നു?' എന്ന ചോദ്യം എപ്പോൾ ചോദിച്ചാലും ദൈവമഹത്വത്തിനു ഉപകരിക്കുന്ന മറുപടി പറയാൻ അവർക്ക് എപ്പോഴും കഴിയുമായിരുന്നു.

പ്രിയ ദൈവജനമെ, നമുക്കും അതു കഴിയണം. ജീവിതത്തിലെ തിരക്കു പിടിച്ച ഏതു കോണിലായിരുന്നാലും, നാം എന്തു ചെയ്യുന്നു എന്നും അതു ദൈവമഹത്വത്തിനു എത്രമാത്രം ഉതകുന്നതാണെന്നും ചിന്തിച്ചുകൊണ്ട് നമ്മുടെ ക്രിസ്തീയ ജീവിതത്തെ കൂടുതൽ തിളക്കമുള്ളതാക്കാൻ നാം ഉത്സാഹിക്കണം. ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന കുട്ടികൾ, സ്മാർട്ട് ഫോൺ കയ്യിലേന്തി, സകല മാലിന്യക്കൂമ്പാരങ്ങളിന്മേലും ചിറകടിച്ചു പറന്നുകയറുന്നു. വീട്ടിൽ താമസിക്കുന്ന കുട്ടികളായാലും സ്ഥിതിഗതികളിൽ കാര്യമായ മാറ്റമൊന്നും ഉണ്ടാവാൻ സാധ്യതയില്ല.

നീ എവിടെയാണ്? നീ എന്തു ചെയ്യുന്നു? എന്നീ ചോദ്യങ്ങൾ ദൈവം ചോദിച്ചാൽ ഇവരെന്തു മറുപടി പറയും? ദൈവത്തെ തൃപ്തിപ്പെടുത്തുന്ന മറുപടി പറയാൻ നമുക്ക് കഴിയണം. നിരാശനായി ഇരിക്കുന്ന ഏലിയാവിനോട്, ദൈവം ചോദിച്ചു: നീ ഇവിടെ എന്തു ചെയ്യുകയാണ്? ("What are you doing here, Elijah?") (1 രാജാക്കന്മാർ 19:9). നിരാശനായി ഇരിക്കേണ്ടവനല്ല ഏലിയാവ്. പക്ഷേ ഈസബേലിന്റെ കൊലവിളി കേട്ട് മാനസികമായി തളർന്നുപോയ ഏലിയാവിനോട്, നിനക്കിവിടെ എന്തു കാര്യം (നീ ഇവിടെ എന്തു ചെയ്യുകയാണ്?) എന്നു ചോദിച്ചുകൊണ്ട്, അവൻ തെറ്റായ ചിന്താഗതിയോടു കൂടിയാണ് ഇരിക്കുന്നത് എന്ന കാര്യം ഓർമ്മിപ്പിക്കുകയാണ് ദൈവം ചെയ്തത്.

നമ്മുടെ ചിന്തകളെ നാം നിയന്ത്രിക്കേണ്ടതുണ്ട്. ചിന്തകളെ തൂക്കിനോക്കുന്നവനാണ് ദൈവം. തെറ്റായ ചിന്തകളെ ഓമനിച്ച് നടന്നാൽ, ഏലിയാവിനോട് ചോദിച്ച ചോദ്യം ദൈവത്തിന് നമ്മോട് ചോദിക്കേണ്ടിവരും. തൃപ്തികരമായ ഉത്തരം കൊടുക്കാൻ നമുക്ക് കഴിയാതെയും വരും.

**(തുടരും)**

എന്റെ ഡയറിക്കുറിപ്പുകൾ

-എംവിഎസ്-

# ഓർമ്മകൾ

(ചിന്തകൾ പന്തങ്ങളാകുമ്പോൾ)

40

## പ്രോത്സാഹനത്തിന്റെ ആദ്യവാക്കുകൾ!

**1987**

തൃശ്ശൂർ സെന്റ്. തോമസ് കോളേജിൽ ഞാൻ ഡിഗ്രിക്ക് ചേർന്ന സമയം. കോളേജിന്റെ ഗെയ്റ്റിന്റെ പരിസരത്ത് വിതരണം ചെയ്യപ്പെട്ട ചെറുപുസ്തകം ഒരെണ്ണം എനിക്കും ലഭിച്ചു.

ജീവിതത്തിൽ ആദ്യമായാണ് സുവിശേഷം അടങ്ങിയ ഒരു പുസ്തകം എനിക്ക് ലഭിക്കുന്നത്. കത്തോലിക്കാസഭയിലെ ചില ആചാരങ്ങളെ വിമർശിച്ചിരിക്കുന്ന പുസ്തകം കൂടിയായിരുന്നു അത്.

ആ പുസ്തകം പ്രസിദ്ധീകരിച്ചത് മണ്ണുത്തിയിലെ ബൈബിൾസ്റ്റഡി സെന്റർ ആണ്.

അത് വായിച്ചതിനുശേഷം അവരുമായി ചില കത്തിടപാടുകൾ നടത്തുകയും, അവർ നടത്തുന്ന *അത്ഭുതപ്രകാശത്തിലേക്ക്* എന്ന വേദപഠന കോഴ്സ് പഠിക്കുകയും ചെയ്തു.

ഒരു ദിവസം ഞാൻ മണ്ണുത്തിയിലേക്ക് ചെന്നു. അന്ന് ഞാൻ അവിടെ ആദ്യം പരിചയപ്പെട്ടത് രണ്ടാളെയാണ് - പ്രൊഫ. ടി. ജോൺമാത്യു, പിന്നെ ബ്രദർ ടി. എസ്. ജോസഫ്.

കുറച്ചുനേരം അവിടെയിരുന്ന് സംസാരിച്ചതിനുശേഷം. ഞാൻ പോകാനൊരുങ്ങിയപ്പോൾ ബ്രദർ ജോസഫ് (അദ്ദേഹത്തെ എല്ലാവരും മാത്യൂസ് എന്നാണ് വിളിക്കുന്നത്) "ഞാൻ ബസ്സ്റ്റോപ് വരെ കൂടെ വരാം" എന്ന് എന്നോടു പറഞ്ഞു.

"വേണ്ട, ഞാൻ പൊയ്ക്കോളാം" എന്നു പറഞ്ഞെങ്കിലും അദ്ദേഹം സമ്മതിച്ചില്ല. ബസ്സ്റ്റോപ്പിലേക്ക് ഞങ്ങൾ രണ്ടാളും ഒരുമിച്ചു നടന്നു. ബസ് വന്നത് കുറച്ചുസമയം കഴിഞ്ഞാണ്.

അത്രയും നേരം അദ്ദേഹം എന്നോട് ആത്മികകാര്യങ്ങൾ കുറെ സംസാരിച്ചു. എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അന്ന് പതിനേഴ് വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ഈ കൗമാരക്കാരന് അദ്ദേഹത്തിന്റെ വാക്കുകൾ വളരെ രുചികരമായി

അനുഭവപ്പെട്ടു. ആദ്യമായാണ് എന്നെ ഒരാൾ ഇത്രയധികം പ്രോത്സാഹിപ്പിച്ച് സംസാരിക്കുന്നത്.

ആത്മീയഗോളത്തിൽനിന്ന് എനിക്ക് ആദ്യമായി ലഭിച്ച പ്രോത്സാഹനത്തിന്റെ വാചകങ്ങൾ!

എന്നെ ദൈവകൃപയിൽ ഉറപ്പിച്ച് നിർത്തുവാൻ ശ്രമിച്ച ആ സഹോദരന് അന്ന് കേവലം 27-28 വയസ്സ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ.

ഒരു യുവാവും ഒരു കൗമാരക്കാരനും! യുവാവ് കൗമാരക്കാരനെ പ്രോത്സാഹിപ്പിച്ച് സംസാരിക്കുന്നു. കൃപയിൽനിന്നു വീണുപോകാതിരിക്കാൻ ഉത്സാഹിപ്പിക്കുന്നു. ആത്മീയഗോളത്തിൽ വളരെ അപൂർവ്വമായി കാണുന്ന കാഴ്ചകളാണ് ഇതെല്ലാം.

**1998**

1998 ൽ ഞാൻ വിവാഹിതനായി. ബ്രദർ മാത്യൂസിന്റെ (ജോസഫ്) സ്വന്തം ജ്യേഷ്ഠന്റെ മകളെയാണ് ഞാൻ വിവാഹം ചെയ്തത്. അദ്ദേഹമല്ല ആ ആലോചന മുന്നോട്ട് വച്ചത്. എന്റെ ഭാര്യയുടെ അമ്മയുടെ ആങ്ങളയാണ് ആലോചനയുമായി വന്നത്.

ഇക്കാര്യം അദ്ദേഹത്തെ അറിയിച്ചപ്പോൾ, "വളരെ നല്ല കാര്യം, എന്റെ മനസ്സിലുണ്ടായിരുന്നു. പക്ഷേ പറയാൻ എനിക്കൊരു മടി തോന്നി" എന്ന് അദ്ദേഹം പറഞ്ഞു.

അങ്ങനെ മാത്യൂസേട്ടൻ എന്ന് ഞാൻ വിളിച്ചിരുന്ന അദ്ദേഹം എനിക്ക് മാത്യൂസ്അങ്കിളായി മാറി. കൂടുതൽ അടുത്ത് ഇടപെടുവാൻ അങ്ങനെ ഞങ്ങൾക്ക് രണ്ടാൾക്കും കൂടുതൽ അവസരവും ലഭിച്ചു.



ടി. എസ്. ജോസഫ്
(മാത്യൂസ്)
(1959–2024)

**2023**

എന്റെ മൂത്ത മകളുടെ വിവാഹാലോചനയുമായി ബന്ധപ്പെട്ട് അദ്ദേഹം എന്റെ വീട്ടിലേക്ക് വന്നിരുന്നു.

എല്ലാം പറഞ്ഞുറപ്പിച്ചു. വിവാഹം തീരുമാനമായി. അങ്ങനെ സന്തോഷത്തോടെ ഞങ്ങളെല്ലാവരും പിരിഞ്ഞു. പക്ഷേ നാലാം ദിവസം ഞങ്ങൾ അദ്ദേഹത്തിന്റെ മക്കളിൽനിന്ന് കേട്ടത് ഈ വാർത്ത: 'ഡാഡിക്ക് തീരെ സുഖമില്ല. ഹോസ്പിറ്റലിലാണ്.'

ജീവിതകാലം മുഴുവൻ കുടുംബത്തെ പുലർത്താൻ ശാരീരികമായി കഠിനാദ്ധ്വാനം ചെയ്ത ഒരു വ്യക്തിയുടെ കഠിനാദ്ധ്വാനത്തിന് വിരാമം കുറിക്കപ്പെട്ട ദിവസമായിരുന്നു അത്.

പിന്നീട് ഒരു വർഷം... ഓപ്പറേഷൻ, റേഡിയേഷൻ, കീമോ, എക്സ്റേ, സ്കാൻ..ചെലവാക്കിയത് ലക്ഷങ്ങൾ; ഗുണമുണ്ടായത് ആശുപത്രിക്കാർക്കും മരുന്നുകമ്പനിക്കാർക്കും മാത്രം.

**2024**

2024 ജൂൺ 3 ന് പ്രിയ കർത്തൃദാസൻ ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു. ഇനി ലക്ഷങ്ങൾ ചെലവാക്കേണ്ടതില്ല. ഇടയ്ക്കിടെ ആശുപത്രിയിലേക്ക് പരിഭ്രമത്തോടെ കൊണ്ടുപോകേണ്ടതില്ല. ഭാര്യയും മക്കളും മരുമക്കളും അളിയന്മാരും കണ്ണിലെണ്ണയൊഴിച്ച് കാവലിരിക്കേണ്ടതില്ല.

ജീവിതക്ലേശങ്ങളോട് പടപൊരുതി, കുടുംബത്തെ മുന്നിൽനിന്ന് നയിച്ച, ആ ജീവിതം അവസാനിച്ചു– തന്നെ സ്നേഹിക്കുന്നവരുടെ മനസ്സിൽ വേദനയുടെ കനലുകൾ ശേഷിപ്പിച്ചുകൊണ്ട്.

*വാക്കുകൾക്ക് ശക്തിയുണ്ട്. പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള വാക്കുകൾക്ക് ശക്തിയുണ്ട്. ഏതെങ്കിലും മേഘലയിൽ വരുന്ന ഒരു തുടക്കക്കാരന് മറ്റുള്ളവരിൽനിന്നുള്ള പ്രോത്സാഹനം ആവശ്യമാണ്.*

*മനുഷ്യർ പക്ഷേ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിൽ പിശുക്കരാണ്. കുറ്റം മാത്രം കണ്ടെത്തുകയും അത് മാത്രം ചൂണ്ടിക്കാണിക്കുകയും അതും പറഞ്ഞ് വിമർശിക്കുന്നവരുമുണ്ട്. ഒരാളുടെ കുറ്റം ചൂണ്ടിക്കാണിക്കുന്നത് തെറ്റല്ല; പക്ഷേ അയാളിലെ നല്ല കാര്യങ്ങൾ കാണുമ്പോൾ നിശബ്ദത പാലിക്കുകയും കുറ്റം കാണുമ്പോൾ മാത്രം വായ് തുറക്കുകയും ചെയ്യുന്ന പ്രവണത നല്ലതല്ല.*

*തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നത് എനിക്ക് വ്യക്തിപരമായി ഇഷ്ടമാണ്. അത് തിരുത്താമല്ലോ.*

*പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള വാക്കുകൾ കേൾവിക്കാരന്റെ കാതിൽ പൂമഴ പെയ്യിക്കും; ഹൃദയത്തിൽ മഞ്ഞു പെയ്യിക്കും; മുഖത്ത് പുഞ്ചിരി വിരിയിക്കും. അവനെ കൂടുതൽ ഉന്മേഷമുള്ളവനും കർമ്മനിരതനുമാക്കും.*

*വെറുതെ ഒരാളെ പരിഹസിക്കുന്നതും വിമർശിക്കുന്നതും വിപരീത ഫലം ഉളവാക്കുകയേയുള്ളൂ.*

*നന്നായി പഠിച്ചിട്ടും മാർക്ക് കുറഞ്ഞുപോയ ഒരു കുട്ടിയെ ചീത്ത പറഞ്ഞിട്ട് കാര്യമില്ല. ആ കുട്ടി കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ടെന്ന് നമുക്ക് ബോധ്യമുണ്ടെങ്കിൽ, ആ കുട്ടിയെ നാം പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. പഠിച്ചിട്ടും മാർക്ക് കുറഞ്ഞുപോയ കുട്ടിയെ തല്ലിയതുകൊണ്ടോ ചീത്ത പറഞ്ഞതുകൊണ്ടോ ആ കുഞ്ഞ് മാനസികമായി തളർന്നുപോവുകയും അടുത്ത തവണ മാർക്ക് ഒന്നുകൂടെ കുറഞ്ഞുപോവുകയും ചെയ്യാനാണ് സാദ്ധ്യത.*

*വാളുകൊണ്ട് കുത്തുംപോലെ മൂർച്ചയായി സംസാരിക്കുന്നവർ ഉണ്ട്; ജ്ഞാനികളുടെ നാവോ സുഖപ്രദം (സദൃശ. 12:18)*

*മറ്റൊരാളെ മുറിവേൽപിച്ചുകൊണ്ട് സംസാരിക്കുന്നത് വളരെ എളുപ്പമുള്ള കാര്യമാണ്. എന്നാൽ മറ്റുള്ളവരെ പ്രോത്സാഹിപ്പിച്ചും അഭിനന്ദിച്ചും സംസാരിക്കുന്നത് താരതമ്യേന ബുദ്ധിമുട്ടാണ്. നാം ആത്മാർത്ഥമായാണ് അത് ചെയ്യുന്നത് എന്ന് കേൾവിക്കാരന് ബോദ്ധ്യമാകും വിധം സംസാരിക്കേണ്ടതുണ്ട്.*

പരിചയപ്പെട്ട അന്ന് മുതൽ എന്നെ പല നിലകളിലും ഉത്സാഹിപ്പിച്ച ഒരു വ്യക്തി കൂടി ഈ ലോകത്തിൽ നിന്ന് കടന്നുപോയിരിക്കുന്നു. നിത്യതയിൽ പരസ്പരം കാണും എന്ന പ്രത്യാശ ഉള്ളത് ആശ്വാസമാണ്. ഓരോരുത്തനും അവനവന്റെ ഊഴമെത്തുമ്പോൾ ഈ ഭൂമിയിൽനിന്ന് മാറ്റപ്പെടും. നമ്മുടെ ഊഴമെത്തുന്നതുവരെ കർത്താവിനായി വേല ചെയ്യാം. ■

## ഗ്ലോറിയ Awake 2024 Youth Conference

ഗ്ലോറിയ ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ യുവാക്കൾക്കായി ഒരു ഏകദിന സെമിനാർ, തൃശ്ശൂർ ഫുൾ ഗോസ്പൽ ചർച്ച് വർഷിപ്പ് സെന്ററിൽ വെച്ച് ജൂൺ 22 ശനിയാഴ്ച നടത്തുകയുണ്ടായി. ഗ്ലോറിയ സ്ഥാപകൻ ഡോ. ഏ.സി. ജോസ് ഉദ്ഘാടനം ചെയ്ത സെമിനാറിൽ പാസ്റ്റർ ലാസർ കോഡിനേറ്റർ ആയിരുന്നു. 150–ഓളം പേർ പങ്കെടുത്തു.

| ക്ലാസ്സെടുത്തവർ: | വിഷയം: |
|---|---|
| 1. ശ്രീ. ജെയിംസ് വർഗ്ഗീസ് IAS *(Former Add. Chief Secretary)* | 'യുവജനങ്ങളും വെല്ലുവിളികളും' |
| 2. ഡോ. എം. വി. സെബാസ്റ്റ്യൻ *(Editor, Real Life Voice)* | 'യുവജനങ്ങളും ഉത്തരവാദിത്തങ്ങളും' |
| 3. ശ്രീ. സതീഷ് പി. കെ *(Asst. Excise Commissioner,Tcr)* | 'യുവജനങ്ങളും ലഹരിഉപയോഗവും' |
| 3. ഡോ. ജെയിംസ് സഖറിയ *(Evangelist)* | 'യുവജനങ്ങളും ആത്മീകതയും' |

യുവാക്കൾക്കുവേണ്ടിയും കുടുംബങ്ങൾക്കുവേണ്ടിയും ഇത്തരം പ്രോഗ്രാമുകൾ ഗ്ലോറിയ ഫെലോഷിപ്പ് തുടർച്ചയായി സംഘടിപ്പിക്കുന്നുണ്ട്. ക്രിസ്തീയയുവാക്കൾക്കും ക്രിസ്തീയകുടുംബങ്ങൾക്കും ഈ അവസരങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. പങ്കെടുക്കുന്നവർക്ക് ഭക്ഷണമുൾപ്പെടെ എല്ലാം സൗജന്യമാണ്. തൃശ്ശൂരും പരിസരപ്രദേശങ്ങളിലുമുള്ള വേർപെട്ട ദൈവജനത്തെ ഉദ്ദേശിച്ചാണ് പ്രധാനമായും ഇത്തരം പരിപാടികൾ നടത്തപ്പെടുന്നത്.

മൂന്നുദിവസം നീണ്ടുനിൽക്കുന്ന ഒരു ഫാമിലി കോൺഫെറൻസ് ഉടനെ നടത്തുവാനുള്ള ക്രമീകരണം 'ഗ്ലോറിയ' ചെയ്തുകൊണ്ടിരിക്കുന്നു.

Contact: Chairman (93884 41201)    Coordinator (80865 56355)

# തട്ടും തലോടലും

**-എംവിഎസ്-**

5

**ആലോചിച്ച് തീരുമാനം എടുക്കണമെന്ന് ഈ തിരഞ്ഞെടുപ്പിലൂടെ പഠിച്ചു - കെ. മുരളീധരൻ (2024 ജൂൺ 9ലെ പത്രവാർത്ത)**

ഈ അറിവ് 67-ാം വയസ്സിലാണ് അങ്ങേക്ക് ലഭിച്ചത്! കുറച്ചുകൂടി നേരത്തെ ഈ അറിവ് അങ്ങ് നേടേണ്ടതായിരുന്നു. ആലോചിച്ച് തീരുമാനമെടുക്കുക എന്ന നല്ല ആശയം എല്ലാവരും പിന്തുടരണം. മറ്റുള്ളവർ നമ്മെ നോക്കി, ഹൃദ്യമായി ചിരിച്ച്, നമ്മെ കുഴിയിൽ ചാടിച്ചതിനുശേഷം മാത്രം ഈ അറിവ് സമ്പാദിക്കുന്നതുകൊണ്ട് എന്ത് പ്രയോജനം?

ooooooooooooooooo

**തൃശ്ശൂരിലെ കോൺഗ്രസ്സുകാർ തമ്മിലടി അവസാനിപ്പിക്കണം - കെ. മുരളീധരൻ**

തൃശ്ശൂരിലെ കോൺഗ്രസ്സുകാർ മാത്രമല്ല, ഓൾ ഇന്ത്യാ കോൺഗ്രസ്സുകാർ മൊത്തം തമ്മലടിയിൽ പേരുകേട്ടവരാണ്. കോൺഗ്രസ്സുകാർ തമ്മിലടി അവസാനിപ്പിച്ചാൽ ആ പാർട്ടി രക്ഷപ്പെടും, നാടിനും ഗുണം കിട്ടും. അതിനെങ്ങനാ, ആ പാർട്ടിയിൽ അണികൾ കുറവാണല്ലോ; നേതാക്കളാണല്ലോ എല്ലാവരും.

ooooooooooooooooo

**ചില പുരോഹിതന്മാർ വിവരദോഷികൾ - പിണറായി വിജയൻ**

അങ്ങയുടെ പ്രവർത്തനശൈലിയെ വിമർശിച്ച പുരോഹിതന്മാർ വിവരദോഷികളാണെങ്കിൽ കേരളത്തിലെ ഭൂരിപക്ഷം ജനവും വിവരദോഷികളാണെന്നു പറയേണ്ടിവരും. കാരണം, പലരും അങ്ങയെ വിമർശിക്കുന്നവരാണ്. ഇനിയെങ്കിലും അങ്ങ് ഒന്നു തിരിഞ്ഞുനോക്കൂ. ലോകസഭാഇലക്ഷനിൽ കീറിയ ട്രൗസറിന്റെ അവശിഷ്ടത്തിലേക്ക് ദയവായി തിരിഞ്ഞുനോക്കൂ. ചെറിയ കീറലൊന്നുമല്ല സംഭവിച്ചിരിക്കുന്നത്. ഓർക്കുക, ജനം തന്നെയാണ് യജമാനന്മാർ.

ooooooooooooooooo

**അമേഠിയിൽ സ്മൃതി ഇറാനി തോറ്റു**

അമേഠിയിൽ എനിക്കെതിരെ മത്സരിക്കാൻ ആളില്ലാത്ത സ്ഥിതിയാണ്

എന്ന് വീമ്പ് പറഞ്ഞ സ്മൃതി ഇറാനി ഒരു ലക്ഷത്തിൽപ്പരം വോട്ടിന് തോറ്റു. കഴിഞ്ഞ ഇലക്ഷനിൽ സാക്ഷാൽ രാഹുൽഗാന്ധിയെ തോൽപ്പിച്ചുകൊണ്ട് ദേശീയശ്രദ്ധ നേടിയ സ്മൃതി ഇറാനി പക്ഷേ പിന്നീട് അതിന്റെ അഹങ്കാരം ശരീരഭാഷയിലും വാക്കുകളിലും പ്രകടിപ്പിച്ചു. മണിപ്പൂരിലെ കലാപങ്ങളെ വെള്ളപൂശാൻ മുന്നിൽ നിന്ന വനിതാനേതാവാണ് സ്മൃതി ഇറാനി. അഞ്ചു വർഷം കൂടുമ്പോൾ നടക്കുന്ന ഇലക്ഷനിൽ സുബോധമുള്ള ജനം തിരിച്ചടിക്കുമെന്ന് ഇവരാരും ഓർക്കുന്നില്ല. അറിയുക, ജനം തന്നെയാണ് യജമാനന്മാർ.

ooooooooooooooooo

**രാഹുൽഗാന്ധി വയനാട് ഒഴിഞ്ഞേക്കും**

അതേതായാലും മോശമായിപ്പോയി. വെയിലത്ത് മണിക്കൂറോളം കാത്ത് നിന്ന് വോട്ട് ചെയ്ത വയനാട്ടിലെ ജനത്തെ അപമാനിക്കുന്ന പ്രവൃത്തിയാണത്. വയനാട്ടിൽ രാഹുൽഗാന്ധി ജയിക്കുമെന്ന് എല്ലാവർക്കും അറിയാമായിരുന്നു. എന്നിട്ടും മറ്റൊരു മണ്ഡലത്തിൽകൂടി അദ്ദേഹം മത്സരിച്ചത് എന്തിനാണ്? അതിന് പറഞ്ഞ കാരണം ദക്ഷിണേന്ത്യക്കാരെ മുഴുവൻ വളരെ വേദനിപ്പിക്കുന്നതായിരുന്നു. അദ്ദേഹം ദേശീയനേതാവായതുകൊണ്ട്, ഉത്തരേന്ത്യൻ രാഷ്ട്രീയത്തിൽ ശ്രദ്ധിക്കണമത്രേ!

ooooooooooooooooo

**ഞങ്ങളാണ് ജയിച്ചതെന്ന് നിങ്ങൾ ഓർക്കണം – നരേന്ദ്രമോദി**

ശരിയാണ്. പക്ഷേ കഴിഞ്ഞ ലോകസഭാഇലക്ഷനിലെ കണക്കുകൾ വച്ച് നോക്കുമ്പോൾ, അങ്ങ് അവകാശപ്പെടുന്ന ഈ വിജയം ഏറെക്കുറെ പരാജയത്തിന് തുല്യമാണ്. അങ്ങയുടെ തന്നെ ഭൂരിപക്ഷത്തിൽ വൻതോതിൽ ഇടിവ് സംഭവിച്ചിരുന്നു. ശ്രീരാമക്ഷേത്രം പണിതുകൊടുത്ത സ്ഥലത്ത് തിരിച്ചടി നേരിട്ടിരുന്നു. സ്മൃതി ഇറാനി എന്ന, ബിജെപിയുടെ 'വനിതാക്കരുത്ത്' മലർന്നടിച്ചുവീണു. 400 സീറ്റ് എന്ന അങ്ങയുടെ സ്വപ്നത്തിന് വൻതോതിലുള്ള തിരിച്ചടി നേരിട്ടു. അതുകൊണ്ട് ഞങ്ങൾ ജയിച്ചു എന്നല്ല, ഞങ്ങൾ ഒരുവിധം രക്ഷപ്പെട്ടു എന്നു പറയുന്നതാവും ശരി.

ooooooooooooooooo

**തൃശ്ശൂർ സുരേഷ്ഗോപിയങ്ങെടുത്തു**

അടുത്ത അഞ്ച്കൊല്ലം ഞങ്ങൾ തൃശ്ശൂർകാർ അങ്ങയുടെ പ്രവർത്തനത്തെ വിലയിരുത്തും; ഞങ്ങൾക്ക് ഓകെയായാൽ അങ്ങേക്ക് നല്ലത്. അല്ലെങ്കിൽ ഞങ്ങൾ തൃശ്ശൂർ തിരിച്ചിങ്ങെടുക്കും.

## www.reallifevoice.in

**എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism:
    How Was It Taught and Practiced in the First Century?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th July 2024

Posted at
Thrissur RMS

**ആനുകാലികം**

## ഒരു ജോലിയും ചെറുതല്ല!

എൻവിഡിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജെൻസൻ ഹുവാങ് പറയുന്നത് കേൾക്കുക: എന്നെ സംബന്ധിച്ചിടത്തോളം ഒരു ജോലിയും ചെറുതല്ല. ഞാൻ പാത്രങ്ങൾ കഴുകിയിട്ടുണ്ട്. ടോയ്‌ലറ്റ് കഴുകിയിട്ടുണ്ട്. ഒരു പക്ഷേ നിങ്ങളെല്ലാവരുംകൂടി കഴുകിയിട്ടുള്ളതിലേറെ ടോയ്‌ലറ്റുകൾ ഞാൻ കഴുകിയിട്ടുണ്ട്. *(2024 ജൂലായ് 9 ലെ പത്രവാർത്ത)*

ഏത് ജോലിയും മൂല്യമുള്ളതാണ്. നമ്മുടെ ജോലിയിൽ നാം സംതൃപ്തരാവുക. പെട്ടെന്ന് പണമുണ്ടാക്കാനുള്ള തത്രപ്പാടിലാണ് ഇന്നത്തെ യുവത്വം. അതുകൊണ്ട് വിവിധ തരം ജോലികളുടെ മഹത്വം അവർ മനസ്സിലാക്കുന്നില്ല. അവർ പ്രതീക്ഷിക്കുന്ന 'വലിയ' ജോലി കിട്ടുന്നതുവരെ, 'ചെറിയ' ജോലികൾ ചെയ്യാൻ അവർ മനസ്സുവയ്ക്കുന്നില്ല.

ഞാൻ ഇത്ര വരെ പഠിച്ചു. അതുകൊണ്ട് ആ ജോലി ഞാൻ ചെയ്യില്ല, ഈ ജോലിയേ ചെയ്യൂ എന്ന മനോഭാവം മാറ്റുക. വെറുതെ ഇരിക്കാതെ, കിട്ടിയ ജോലി ചെയ്യാൻ അറിയാമെങ്കിൽ അത് ചെയ്യുക. അത് നല്ല ആത്മവിശ്വാസത്തോടെ ചെയ്യുക; നല്ല സന്തോഷത്തോടെ ചെയ്യുക. നാം അനുഗ്രഹിക്കപ്പെടുക തന്നെ ചെയ്യും.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V